**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 287** **12-03-2025 - ൽ മറുപടിയ്ക്ക്**

**ക്ഷീരസംഘങ്ങളുടെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്തീൻ ,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി.പി. സുമോദ്** | | **ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പല ക്ഷീരസംഘങ്ങൾക്കും സ്വന്തമായി കെട്ടിടങ്ങളില്ലാത്തത് അവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില ക്ഷീരസംഘങ്ങൾക്കാണ് സ്വന്തമായി കെട്ടിടമില്ലാത്തത്. ആയത് അവയുടെ പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടില്ല. |
| (ബി) | ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഇത് ക്ഷീരസംഘങ്ങൾക്ക് എത്രത്തോളം സഹായകമാണ്; വിശദാംശം ലഭ്യമാക്കുമോ; | (ബി) | ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം ലഭ്യമാക്കുന്ന പദ്ധതി ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>സാമ്പത്തിക ഭദ്രതയുള്ളതും, ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ ക്ഷീരസംഘങ്ങൾ പുതിയതായി വാങ്ങുന്ന സ്ഥലത്തിന്റെ വിലയുടെ 30%, പരമാവധി 3 ലക്ഷം രൂപയാണ് വകുപ്പ് ധനസഹായമായി അനുവദിക്കുന്നത്. 2024-25 സാമ്പത്തിക വർഷം സംസ്ഥാനത്തെ 15 ക്ഷീരസംഘങ്ങൾക്കായി 45 ലക്ഷം രൂപ പ്രസ്തുത പദ്ധതിയ്ക്ക് വകയിരുത്തിയിട്ടുണ്ട്. 'ക്ഷീരസഹകരണ സംഘങ്ങൾക്ക് ധനസഹായം' എന്ന വകുപ്പിന്റെ പ്രധാന പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ലാഭകരമായി പ്രവർത്തിക്കുന്ന ക്ഷീരസംഘങ്ങൾക്കും, നിശ്ചിതകാലാവധിയ്ക്കുള്ളിൽ സ്ഥലം വാങ്ങിച്ച ക്ഷീരസംഘങ്ങൾക്ക് റീ-ഇമ്പേഴ്സ്മെന്റ് ആയും ധനസഹായം അനുവദിച്ച് വരുന്നു.<br><br>മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം അനുവദിച്ച് വരുന്നുണ്ട്. ഇത്തരത്തിൽ സ്ഥലം വാങ്ങുന്നതിന് നൽകി വരുന്ന ധനസഹായം ക്ഷീരസംഘങ്ങളുടെ ദൈനംദിന |

| | | | |
|---|---|---|---|
| | | | പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിനും സംഘങ്ങളുടെ ബാധ്യതകൾ ഇല്ലാതാക്കുന്നതിനും സഹായകമാണ്. |
| (സി) | ക്ഷീരസംഘങ്ങളിൽ ആവശ്യമായ ഊർജ്ജലഭ്യത, മലിനജല സംസ്കരണം എന്നിവയ്ക്കായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ക്ഷീരസംഘങ്ങളിൽ ആവശ്യമായ ഊർജ്ജലഭ്യത, മലിനജല സംസ്കരണം എന്നിവയ്ക്ക് പ്രത്യേക പദ്ധതികൾ ക്ഷീരവികസന വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ ‘ക്ഷീരസംഘങ്ങളുടെ മൂലധന വർദ്ധനവ്’ പദ്ധതിയിലെ ഘടകപദ്ധതികളായ സൗരോർജ്ജ പ്ലാന്റ് സ്ഥാപനം, മലിനജലസംസ്കരണ പ്ലാന്റ് സ്ഥാപനം എന്നിവയിലൂടെ കേരളത്തിലുടനീളം പ്രവർത്തിച്ചു വരുന്ന ക്ഷീരസംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്നു. ശുദ്ധമായ പാൽ സംസ്കരണത്തിന്റെ ഭാഗമായി കുറഞ്ഞ ചെലവിലുള്ള മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 75% സബ്സിഡിയോടുകൂടി പരമാവധി മൂന്ന് ലക്ഷം രൂപയും ഊർജ്ജ സംരക്ഷണത്തിന്റെ ഭാഗമായി സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിന് 75 % സബ്സിഡിയോടുകൂടി പരമാവധി 8 ലക്ഷം രൂപയുടെ ധനസഹായം വകുപ്പ് നൽകി വരുന്നു. ഓരോ ക്ഷീരസഹകരണ സംഘങ്ങളും ആവശ്യം കഴിഞ്ഞ് അധികം ഉത്പാദിപ്പിക്കുന്ന വൈദ്യുതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന് നല്കാവുന്ന തരത്തിലാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 2024-25 സാമ്പത്തിക വർഷത്തിൽ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 26.21 ലക്ഷം രൂപയും, മലിനജലസംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 9 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ വിവിധ ക്ഷീരസംഘങ്ങളിൽ പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി 50 ലക്ഷത്തിലധികം രൂപ വകുപ്പ് വിനിയോഗിച്ചിട്ടുണ്ട്.<br><br>മിൽമ മേഖലാ യൂണിയന്റെ കീഴിൽ BMC സ്ഥാപിച്ചിട്ടുള്ള സംഘങ്ങളിൽ നിന്നും ശരിയായ രീതിയിൽ മലിനജലം നീക്കം ചെയ്യുന്നതിന് വേണ്ടി ഇ.ടി.പി (Effluent Treatment Plant) പദ്ധതിയിലൂടെ ധനസഹായം അനുവദിച്ചുവരുന്നു. ഊർജ്ജസംരക്ഷണത്തിനായി വിവിധ ബൾക്ക് മിൽക്ക് കൂളറുകളിൽ സൗരോർജ്ജ പ്ലാന്റിനും , ദേശീയ ക്ഷീര വികസന പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് ധനസഹായം അനുവദിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ